## പതിമൂന്നാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 163 07-12-2015-ൽ മറുപടിയ്ക്ക്

## കാരുണ്യ ലോട്ടറി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീമതി. ഇ.എസ്. ബിജിമോൾ<br>ശ്രീ. സി. ദിവാകരൻ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. വി. ശശി | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| എ) | കാരുണ്യ ലോട്ടറി ഫണ്ടിന്റെ വിനിയോഗത്തിൽ അഴിമതിയുണ്ടെന്നുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഇതുസംബന്ധിച്ചുള്ള പത്ര റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | പ്രസ്തുത ഫണ്ടിന്റെ എത്ര ശതമാനം തുക ഭരണ ചെലവിനായി ഉപയോഗിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | ബി) | കാരുണ്യ ബനവലന്റ് ഫണ്ടിലേയ്ക്ക് ലഭിച്ചിട്ടുള്ള ആകെ തുകയിൽ 0.007 ശതമാനം തുകയാണ് നാളിതുവരെ ഭരണപരമായ ചെലവുകൾക്കായി ഉപയോഗിച്ചിട്ടുള്ളത്. |
| സി) | പ്രസ്തുത ഫണ്ട് എപ്പോഴെങ്കിലും സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗിന് വിധേയമാക്കിയിട്ടുണ്ടോ; | സി) | കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് 2015 ആഗസ്റ്റ് മാസത്തിൽ കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതിയുമായി ബന്ധപ്പെട്ട് വിശദമായ ഓഡിറ്റിംഗ് നടത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| ഡി) | യഥാസമയം ഫണ്ട് ലഭിക്കാത്തതുമൂലം പല ആശുപത്രികളും പ്രസ്തുത പദ്ധതിയിൽനിന്നും ഒഴിഞ്ഞുമാറുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | ഡി) | കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതിയുമായി ബന്ധപ്പെട്ട് ഡയാലിസിസ് സെന്ററുകൾ ഉൾപ്പെടെ 104 സ്വകാര്യ ആശുപത്രികളാണ് അക്രഡിറ്റ് ചെയ്തിട്ടുള്ളത്. സ്വകാര്യ ആശുപത്രികളുടെ ക്ലെയിമുകളിൽ ചില അപാകതകൾ ഉള്ളതുകാരണം വിശദമായ പരിശോധനകൾക്കുശേഷമാണ് ക്ലെയിം അനുവദിക്കുന്നത്. വിശദമായ പരിശോധന നടത്തേണ്ടി വരുന്നതുകാരണം ക്ലെയിം അനുവദിക്കുന്നതിൽ കുറച്ച് കാലതാമസം നേരിടുന്നുണ്ട്. എന്നിരുന്നാലും പദ്ധതിയിൽപ്പെട്ട ആശുപത്രികൾ ഒന്നുംതന്നെ പദ്ധതിയിൽനിന്നും ഒഴിഞ്ഞുമാറിയിട്ടില്ല. ക്ലെയിമുകൾ ലഭിക്കുന്നതനുസരിച്ച് ഫണ്ട് ലഭ്യമാക്കി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.